MONDAY 02/09/2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A | Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 2/09/2024

1. 2024-25 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക യന്ത്രവൽക്കരണം കൈതാങ്ങ് (Support to Farm Mechanization) എന്ന പദ്ധതിയിൽ കേരളത്തിലെ കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സർവ്വീസ്/അറ്റകുറ്റപ്പണികൾക്ക് ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജില്ലയിലെ കാർഷിക എഞ്ചിനീയറിംഗ് ഓഫീസ് നേതൃത്വം നൽകിയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുത്ത് റിപ്പയർ ചെയ്ത് ഉപയോഗക്ഷമമാകുന്ന ചെറിയ ഇടത്തര കാർഷിക യന്ത്രങ്ങൾക്ക് സേവന വേതനം കൊടുക്കേണ്ടതില്ല. സർവ്വീസ് ചെയ്യുമ്പോൾ ആവശ്യമായി വരുന്ന ചെറിയ സ്പെയർ പാർട്സുകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തന്നെ വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതാണ്. സർവ്വീസ് ആവശ്യമായി വരുന്ന വലിയ മെഷിനുകളായ ട്രാക്ടർ, കമ്പൈൻ ഹാർവെസ്റ്റർ എന്നിവയുടെ സ്പെയർ പാർട്സുകൾക്കും, സേവന വേതനത്തിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സബ്സിഡി സഹായം നൽകുന്നതാണ്. ഒരു ജില്ലയിൽ ഇരുപത് ക്യാമ്പുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2024 സെപ്റ്റംബർ മാസം ഒന്നാം ഘട്ടവും, 2025 ജനുവരി മാസം രണ്ടാം ഘട്ടവുമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447462572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. വളർത്തു മൃഗങ്ങളുടെ രോഗനിർണയത്തിനും ചികിത്സയ്ക്കും വീട്ടു പടിക്കൽ ആധുനിക സൗകര്യങ്ങളോടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിലെ മുവാറ്റുപുഴ വെറ്ററിനറി പോളി ക്ലിനിക്കിൽ എല്ലാ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് ക്യാംപ് ചെയ്ത് സേവനം ലഭ്യമാക്കും. എക്സ്റേ സ്കാനിങ് മെഷീൻ, പശുവിനെ ഉയർത്തുന്ന യന്ത്രം എന്നിവ സജ്ജീകരിച്ച മൃഗസംരക്ഷണ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വകുപ്പിന്റെ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് വീട്ടു മുറ്റത്ത് എത്തും. വിളിക്കേണ്ട ഫോൺ നമ്പർ 0485 2833301.

3. കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരശ്രീയുടേയും, കേരസങ്കരയുടേയും വലിയ തൈകൾ (മൊത്തം 250 എണ്ണം)ലഭ്യമാണ്. വില 325/ രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

പരിശീലന പരിപാടി

4. റബ്ബർബോർഡിന്റെ മുക്കട സെൻട്രൽ നഴ്സറിയിൽ നിന്ന് ആർആർഐഐ 430, ക്രൗൺ ബഡ്ഡിങ്ങിന് ഉപയോഗിക്കുന്ന എഫ്.എക്സ്. 516 എന്നീ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡ് ലഭ്യമാണ്. എഫ്.എക്സ്. 516 - ന്റെ ബഡ്ഡുവുഡ്ഡ് മീറ്റർ ഒന്നിന് 50 രൂപയും ആർആർഐഐ 430 - ന്റെ ബഡ്ഡുവുഡ്ഡ് മീറ്റർ ഒന്നിന് 30 രൂപയുമാണ് വില. ബഡ്ഡുവുഡ്ഡുകൾ ആവശ്യമുള്ള കർഷകർ മുക്കട സെൻട്രൽ നഴ്സറിയുമായി 8848880279 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. **കാർഷിക നിർദ്ദേശം** -വാഴയിൽ തടതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ ക്ലോർപൈറിഫോസ് 2.5 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു പിണ്ടിയിൽ തളിച്ച് കൊടുക്കുക.

പയറിലെ കരിവള്ളി രോഗത്തിനെതിരേ കാർബെണ്ടാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക, പയർ വിത്ത് നടുന്നതിനു മുൻപായി ബാവിസ്റ്റിന് 2 ഗ്രാം ചേർത്തതിനു ശേഷം നടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർ - വെട്ടുപട്ട നന്നായി ഉണങ്ങിയതിനു ശേഷമേ അടുത്ത ടാപ്പിംഗ് തുടരാൻ പാടുള്ളു. കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45, 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപട്ടയിൽ തളിച്ചുകൊടുക്കുക

ഇഞ്ചിയുടെ വാട്ട രോഗത്തെ പ്രതിരോധിക്കാൻ തടങ്ങൾക്കിടയിൽ ബ്ലീച്ചിങ് പൗഡർ ഇട്ടുകൊടുക്കുക, രോഗം ബാധിച്ച തടങ്ങളിൽ സ്ട്രെപ്റ്റോമൈസിൻ 3 ഗ്രാം / 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം